ഭാഗികമായി മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. 1-7-2009-ന് ശേഷം പെൻഷൻ ആയവരിൽ 31-8-2013 വരെ പെൻഷൻ ആനുകൂല്യങ്ങൾ ആതൈസ് ചെയ്ത് ഉത്തരവായിട്ടുള്ളവർക്ക് പെൻഷൻ കുടിശ്ശിക ഒഴികെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി. കമ്മ്യൂട്ടേഷൻ) നൽകിയിട്ടുണ്ട്.

കയ്യൂർ-ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതി

189 (4475) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി പഞ്ചായത്തിലെ കാക്കടവ് കേന്ദ്രീകരിച്ച് നിലവിലുള്ള കുടിവെള്ള പദ്ധതി കൂടാതെ വാട്ടർ അതോറിറ്റി പുതിയ പദ്ധതി ഏതെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

കയ്യൂർ-ചീമേനി എൻഡോസൾഫാൻ ബാധിത പ്രദേശങ്ങൾക്കുള്ള 3.00 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ചീമേനിയിൽ ആരംഭിക്കാനുള്ള സൈബർ പാർക്കിനുവേണ്ടി 4.50 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ഒരു കുടിവെള്ള പദ്ധതി കൂടി നടപ്പിലാക്കുന്നതിന് 1960 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

കണ്ടറ പേരയം കുടിവെള്ള പദ്ധതി

190 (4476) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടറ പേരയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണപ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഒരു പ്രദേശത്തെയാകെ ജനങ്ങളുടെ കുടിവെള്ളപ്രശ്നത്തിനുമേൽ റവന്യൂവകുപ്പ് തീരുമാനം നീട്ടിക്കൊണ്ടുപോയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിഹരിക്കുവാൻ നാളിതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കണ്ടറ പേരയം പദ്ധതിക്ക് 106 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്കാവശ്യമായ ടാങ്ക്, പമ്പിംഗ് മെയിൻ, കിണർ,

LIBRARY ARCHIVES Kerala Legislative Assembly